തുറമുഖങ്ങൾ

* 193 [224] ശ്രീ. പി. എം. അബൂബക്കർ:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, പി. വി. മുഹമ്മദ്:
,, പി. സീതി ഹാജി:
,, എ. വി. അബ്ദുറഹ്മാൻ ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കേരളത്തിൽ കപ്പൽ അടുക്കാനും കയറ്റിയിറക്ക് നടത്താനും സൗകര്യമുള്ള തുറമുഖങ്ങൾ ഏതെല്ലാം;

(ബി) സൗകര്യമുണ്ടായിരുന്നിട്ടും കപ്പൽ അടുക്കാത്തതും കയറ്റിയിറക്ക് നടക്കാത്തതുമായ തുറമുഖങ്ങൾ ഏതെങ്കിലും ഉണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം? ഇതിന്റെ കാരണം വ്യക്തമാക്കാമോ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) 1. കോഴിക്കോട് (ബേപ്പൂർ ഉൾപ്പെടെ).
2. ആലപ്പുഴ.
3. നീണ്ടകര.
4. തിരുവനന്തപുരം.

(ബി) ഉണ്ട്.

(സി) 1. ആലപ്പുഴ:
2. തിരുവനന്തപുരം.

മേൽപ്പറഞ്ഞ തുറമുഖങ്ങളിൽ കയറ്റിയിറക്ക് നടക്കാത്തതിന് പ്രധാന കാരണം ഷിപ്പിംഗ് വ്യവസായത്തിൽ പൊതുവേ ഉണ്ടായിട്ടുള്ള മാന്ദ്യമാണ്. കൂടാതെ ആലപ്പുഴയും, തിരുവനന്തപുരവും, 'ഓപ്പൺ ആങ്കറേജ്' തുറമുഖങ്ങളായതിനാൽ, അതായത് കപ്പലുകൾക്ക് കരയ്ക്കടുക്കാനുള്ള സൗകര്യമില്ലാത്തതിനാൽ അവിടങ്ങളിൽ നിലവിലുള്ള പരിമിതമായ സൗകര്യങ്ങൾ കയറ്റിയിറക്ക് കൂലിയിൽ വർദ്ധനവുണ്ടാക്കുന്നു. ആയതിനാൽ ഇവ വഴി കയറ്റിയിറക്ക് നടത്തുന്നതിന് ഷിപ്പിംഗ് വ്യവസായികൾ വിമുഖത പ്രകടിപ്പിക്കുകയും ചെയ്യുന്നു.

കശുവണ്ടി തൊഴിലാളികളുടെ ക്ഷാമബത്തയും ആനുകൂല്യങ്ങളും

* 194 [225] ശ്രീ. സി. വാസുദേവമേനോൻ:
,, കോടിയേരി ബാലകൃഷ്ണൻ:
,, എം. ജിനദേവൻ:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:
,, ടി. കെ. ഹംസ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിൽ പണിയെടുക്കുന്ന കശുവണ്ടി തൊഴിലാളികൾക്ക് ക്ഷാമബത്തയും മറ്റു ആനുകൂല്യങ്ങളും നൽകുന്നില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly